## പതിമൂന്നാം കേരള നിയമസഭ
### നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2246** **23.03.2012ന് മറുപടിയ്ക്ക്**

# വന വിസ്തൃതി

**ചോദ്യം**
**ശ്രീ കോടിയേരി ബാലകൃഷ്ണൻ**

(എ) സംസ്ഥാനത്ത് വനവിസ്തൃതി കുറഞ്ഞുവരുന്നതായി സർക്കാർ നിരീക്ഷിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സർക്കാർ നിർദ്ദേശിച്ച ഏത് ഏജൻസിയാണ് ഇതിനെക്കുറിച്ചു പഠിച്ച് റിപ്പോർട്ട് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; എന്തെല്ലാം കാരണങ്ങൾകൊണ്ട് വനവിസ്തൃതി കുറയുന്നതാ യാണ് റിപ്പോർട്ടിൽ പറയുന്ന തെന്നു വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) 2001 മേയ് മുതൽ 2011 മേയ് വരെ സംസ്ഥാനത്ത് എത്ര ഏക്കർ ഭൂമി ഏതെല്ലാം കാലയള വിൽ റിസർവ്വ് വനമായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വെളിപ്പെടു ത്താമോ ;

**ഉത്തരം**
**ശ്രീ. കെ.ബി. ഗണേഷ്കുമാർ**
(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

(എ) യും (ബി) യും (സി) യും സംസ്ഥാനത്ത് വനവിസ്തൃതി കുറഞ്ഞു വരുന്നതായി സർക്കാർ നിരീക്ഷിച്ചിട്ടില്ല. എന്നാൽ അഖിലേന്ത്യാ വനം സർവ്വെ യുടെ 2011 വർഷത്തെ റിപ്പോർട്ടിൽ സംസ്ഥാനത്തെ വനാവരണത്തിൽ 24 ച.കി. കുറവ് വന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് തേക്ക്, യൂക്കാലി, അക്കേഷ്യ, മാഞ്ചിയം, റബ്ബർ, തണൽ മരങ്ങൾ എന്നീ തോട്ടങ്ങളുടെ റൊട്ടേഷൻ ഫെല്ലിംഗ് മൂലമാണ് എന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(ഡി) 2001 മേയ് മുതൽ 2011 മേയ് വരെ സംസ്ഥാനത്ത് റിസർവ്വ് വനമായി പ്രഖ്യാപിച്ച ഭൂമിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | റിസർവ്വ് വനമായി പ്രഖ്യാപിച്ച ഭൂമി | പ്രഖ്യാപിച്ച തീയതി | വിസ്തീർണ്ണം |
|---|---|---|---|
| 1 | മതികെട്ടാൻ | 10.10.03 | 1282 ഹെ. |
| 2 | പാമ്പാടും ചോല | 14.12.03 | 132 ഹെ. |

| | | | |
|---|---|---|---|
| 3. | ആനമുടി ഷോല | 14.12.03 | 750 ഹെ. |
| 4. | കുറിഞ്ഞി മല | 06.10.06 | 3200 ഹെ. |
| 5. | വാഗമൺ | 25.11.06 | 440 ഹെ. |
| 6. | മാങ്കുളം | 16.05.07 | 9005 ഹെ. |
| 7. | കണ്ണൻ ദേവൻ ഹിൽസ് | 08.10.10 | 6909 ഹെ. |

(ഇ) 2001 മുതൽ 2011 വരെ സംസ്ഥാനത്തെ വനമേഖലയിൽ നിന്ന് വർഷംപ്രതി സംസ്ഥാന ഖജനാവിലേക്ക് എത്ര തുക ഏതെല്ലാം ഇനത്തിൽ ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ ?

(ഇ) 2001 മുതൽ 2011 വരെ സംസ്ഥാനത്തെ വനമേഖലയിൽ നിന്നും തടി വിൽപ്പന വ്യവസായാവശ്യത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ വിൽപ്പന, വന വികസന നികുതി തുടങ്ങിയവയിലൂടെ വർഷംപ്രതി സംസ്ഥാന ഖജനാവിലേക്ക് ലഭ്യമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | തുക കോടിയിൽ |
|---|---|
| 2000 - 2001 | 141.24 |
| 2001 - 2002 | 113.70 |
| 2002- 2003 | 149.57 |
| 2003 -2004 | 167.18 |
| 2004 -2005 | 199.69 |
| 2005 -2006 | 189.63 |
| 2006 -2007 | 174.56 |
| 2007 -2008 | 154.45 |
| 2008 -2009 | 224.42 |
| 2009 - 2010 | 272.77 |
| 2010 - 2011 | 273.97 |

സെക്ഷൻ ഓഫീസർ